ഉത്തരം

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് നഴ്സുമാരുടെ തസ്തികയാണ് നിലവിലുള്ളത്. അവർക്ക് പ്രൊമോഷൻ തസ്തികകൾ അനുവദിച്ചിട്ടില്ല.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ 172 തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ 164 പേർ ഇപ്പോൾ ജോലി നോക്കുന്നുണ്ട്. പ്രസ്തുത തസ്തികയിൽ വിവിധ നഗരസഭകളിൽ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(സി) മുനിസിപ്പൽ കോമൺ സർവ്വീസിലെ രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയ്ക്ക് പ്രൊമോഷൻ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ടി തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ അതേ തസ്തികയിലിരുന്നുതന്നെയാണ് റിട്ടയർ ചെയ്യുന്നത്. എന്നാൽ ടി ജീവനക്കാർക്ക് കാലകാലങ്ങളിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചുനൽകുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

മുനിസിപ്പൽ കോമൺ സർവ്വീസിലെ അക്കൗണ്ടന്റ് തസ്തികകൾ

85 (7382) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിൽ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അനിശ്ചിതാവസ്ഥയ്ക്ക് നിർദ്ദേശിക്കുന്ന പരിഹാരങ്ങൾ വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള യു.ഡി. ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കാനാണോ അതോ പുതുതായി അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മുനിസിപ്പൽ ഡയറക്ടറേറ്റും മുനിസിപ്പൽ കോമൺ സർവ്വീസും തമ്മിൽ സംയോജിപ്പിക്കാൻ നീക്കമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ഒരു യു.ഡി. ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തെ സംബന്ധിച്ച് കൂടുതൽ വ്യക്തത നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ട സാഹചര്യത്തിൽ അക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പ്രൊമോട്ടർമാരുടെ ഓണറേറിയം

86 (7383) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്രപേരെ ന്യൂനപക്ഷ പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട് ; ഇവരുടെ കാലാവധി എന്നത്തേക്കാണ് അവസാനിക്കുന്നത് ; കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇവർക്ക് ഓണറേറിയം നൽകുന്നതിനായി ഇതിന് എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) 903 ന്യൂനപക്ഷ പ്രൊമോട്ടർമാരെ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ടായിരുന്നു. ഇവരുടെ സേവന കാലാവധി 10-3-2014-ന് അവസാനിച്ചു. കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചിട്ടില്ല.

(ബി) പ്രതിമാസം നാലായിരം രൂപ തോതിൽ ഓണറേറിയം നൽകുന്നതിന് (903 X 4000 X 12) = 43344000 രൂപ(നാല് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തി നാലായിരം രൂപ മാത്രം) ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

87 (7384) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷക്ഷേമവകുപ്പുവഴി നൽകുന്ന ആനുകൂല്യങ്ങളിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

കുടിശ്ശിക വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly